പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ&ബി) ഉണ്ട്. ആദിവാസി മേഖലയിൽ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികവർഗ്ഗക്കാരിലെ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. ഈ പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകുപ്പിനു നൽകുന്ന പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ തുക അവർക്കുതന്നെ ഉപയോഗപ്രദമാകുന്ന രീതിയിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും പട്ടികവർഗ്ഗക്കാരെ മുഖ്യ ധാരയിലെത്തിക്കുന്നതിൽ വകുപ്പ് അതിപ്രധാനമായ സ്ഥാനം വഹിക്കുകയും ചെയ്യുന്നു. വർഷാവർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭൗതിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്താണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഏതെങ്കിലും സാഹചര്യങ്ങളിൽ പട്ടികവർഗ്ഗക്കാർ ദുരിതം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കുന്നില്ല. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് സ്ഥായിയായ വരുമാനം ഉണ്ടാകുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്.

### കോ-ഇൻഷ്വറൻസ് സംവിധാനം

24 (*504) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് ഇതുമായി സഹകരിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്.

(സി) പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി എന്നിവയാണ് ഇതുമായി സഹകരിച്ചത്.

## യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ പഠനം

25(*505) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങളെ കുറിച്ച് പഠനം നടത്താൻ ഉദ്ദേശമുണ്ടോ ;

(ബി) സംസ്ഥാനം നേരിടുന്ന സ്ഥല ലഭ്യതയുടെ പരിമിതി മറികടക്കാൻ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ എങ്കിൽ വിശദമാക്കാമോ ;

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്താനും, വികസനം വേണ്ട മേഖലകൾ കണ്ടെത്താനും സംവിധാനം ഏർപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഓരോ വർഷവും റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങൾ കേരളത്തിലെ എം.പി.-മാരുമായും റെയിൽവേ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത് നിവേദനം തയ്യാറാക്കി കേന്ദ്ര റെയിൽ മന്ത്രാലയത്തിനും കേന്ദ്ര സർക്കാരിനും സമർപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly